പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2403 — 05.02. 2018 ൽ മറുപടിക്ക്

## കെ. എസ്. ഇ. ബി.യിൽ മീറ്റർ റീഡർമാരുടെ ഒഴിവുകൾ

ചോദ്യം

ശ്രീ.റോജി എം.ജോൺ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ)കെ. എസ്. ഇ. ബി.യിൽ മീറ്റർ റീഡർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് റിപ്പോർട്ട് ചെയ്തതെന്ന് വെളിപ്പെടുത്താമോ;<br>(ബി)കെ. എസ്. ഇ. ബി.യിൽ ജീവനക്കാരുടെ എണ്ണം അധികമായതിനാലാണോ മീറ്റർ റീഡർമാരുടെ ഒഴിവുകൾ ഇതുവരെ പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ)&(ബി) വൈദ്യുതി ബോർഡിൽ ഏർപ്പെടുത്തിയ ആധുനികവൽക്കരണ നടപടികളുടെ ഭാഗമായി വിവിധ വിഭാഗം തസ്തികകളിൽ ജോലിഭാരത്തിൽ വ്യത്യാസം വന്നിട്ടുണ്ട്. ഇത് കണക്കിലെടുത്ത് ഓരോ വിഭാഗത്തിലും ആവശ്യമായ തസ്തികകൾ എത്രയെന്നത് തിട്ടപ്പെടുത്തി വരുകയാണ്. ഈ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ എത്ര ഒഴിവുകൾ ഉണ്ടെന്ന് കൃത്യമായി കണ്ടെത്താൻ കഴിയുകയുള്ളു. ഈ നിലയിൽ ഒഴിവുകൾ തിട്ടപ്പെടുത്തുന്ന മുറക്ക് മാത്രമേ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളു.<br>കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ സെക്ഷൻ ഓഫീസുകളിൽ പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റൻറ് (PDA) സമ്പ്രദായം വഴിയാണ് മീറ്റർ റീഡിംഗ് ജോലികൾ നടന്നു വരുന്നത്. ഇത് മീറ്റർ റീഡറുടെ ജോലിയെ വളരെ സുഗമമാക്കിയിട്ടുണ്ട്. ഇതിൻറെ അടിസ്ഥാനത്തിലും, ഐ.ഐ.എം. കോഴിക്കോടിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിലും, മീറ്റർ റീഡർ തസ്തിക കെ.എസ്.ഇ.ബി.ലിമിറ്റഡിൽ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. അതിനു ശേഷം മാത്രമേ കൃത്യമായി എത്ര ഒഴിവുകൾ മീറ്റർ റീഡർ തസ്തികയിൽ ഉണ്ട് എന്ന് കെ.എസ്.ഇ ബി.എൽ ബോർഡ് തീരുമാനം ആകുകയുള്ളു. |
| (സി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ അത് ഏതെങ്കിലും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ കോടതി നിർദ്ദേശം എന്തായിരുന്നു എന്ന് വിശദമാക്കാമോ ? | (സി)നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ